കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മൈലം ഗ്രാമപഞ്ചായത്ത് - വരൾച്ചയോടനുബന്ധിച്ചുള്ള കുടിവെള്ള വിതരണം - അനുവദനീയമായ തുകയിൽ നിന്ന് കൂടുതലായി അധികരിച്ച് ചെലവാക്കിയ തുക - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 2355/2017/തസ്വഭവ — തിരുവനന്തപുരം, തീയതി, 11/07/2017

പരാമർശം:- അഡ്വ.പി.അയിഷാപോറ്റി എം.എൽ.എ യുടെ 20/06/2017 ലെ കത്ത്.

ഉത്തരവ്

മൈലം ഗ്രാമപഞ്ചായത്തിൽ അതിരൂക്ഷമായ കുടിവെള്ള ക്ഷാമം നിലനിന്നിരുന്ന സാഹചര്യത്തിൽ അനുവദനീയമായ മുഴുവൻ തുകയും ചെലവഴിച്ച് കുടിവെള്ള വിതരണം നടത്തുകയും അതിനുശേഷവും കുടിവെള്ള ക്ഷാമം രൂക്ഷമായി തുടർന്നതിനാൽ പഞ്ചായത്തിൽ നിന്ന് നേരിട്ട് പഞ്ചായത്തിന്റെ 20 വാർഡുകളിലും കുടിവെള്ളം എത്തിക്കുകയുണ്ടായി. ടി ഇനത്തിൽ ഇനിയും 6,59,750/- രൂപ കുടിവെള്ള വിതരണം നടത്തിയവർക്ക് നൽകാനുള്ളതിനാൽ ആയത് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം അഡ്വ.പി.അയിഷാപോറ്റി എം.എൽ.എ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൈലം ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം നിലനിന്നിരുന്ന സാഹചര്യത്തിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി അനുവദനീയമായ തുകയിൽ നിന്ന് അധികരിച്ച് ചെലവാക്കിയ തുകയായ 6,59,750/- (ആറു ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി എഴുന്നൂററി അൻപത് രൂപ മാത്രം) മൈലം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
പ്രസിഡന്റ്/സെക്രട്ടറി, മൈലം ഗ്രാമപഞ്ചായത്ത്, മൈലം പി.ഒ, കൊട്ടാരക്കര.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ